ച്ചിട്ടുണ്ട്. വർദ്ധനവ് 3.8.2000 മുതലാണ് പ്രാബല്യത്തിൽ വന്നിട്ടുള്ളത്. ഈ തുക നൽകേണ്ടെന്നോ തിരിച്ചു പിടിയ്ക്കണമെന്നോ ഉള്ള ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

(സി) ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട് എന്നീ ജില്ലകളിലായി 3979 സ്വാതന്ത്ര്യ സമരസേനാനികൾ സംസ്ഥാന പെൻഷൻ വാങ്ങുന്നവരായുണ്ട്. ഇവരിൽ 592 പേർക്ക് കേന്ദ്ര പെൻഷനും ലഭിക്കുന്നുണ്ട്. മറ്റു ജില്ലകളിലെ വിവരം ശേഖരിച്ചുവരുന്നു.

31(34) പുകവലി നിരോധനം

പ്രൊഫസർ സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുസ്ഥലങ്ങളിലെ പുകവലി നിരോധിച്ചുകൊണ്ട് കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഗവൺമെന്റിന് എന്തെങ്കിലും നിർദ്ദേശമോ ഉപദേശമോ കോടതി നൽകിയിട്ടുണ്ടോ; എങ്കിൽ അത് എന്തെന്ന് വ്യക്തമാക്കാമോ;

(സി) ആ നിർദ്ദേശം നടപ്പാക്കാൻ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ;

(ഡി) സിഗറ്റ് തുടങ്ങിയവ കത്തിക്കാൻ സൗകര്യം ഒരുക്കിക്കൊടുക്കുന്നവർക്കെതിരെ നടപടിയെടുക്കാൻ കോടതി നിർദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ നിർദ്ദേശമെന്താണെന്നും അത് നടപ്പാക്കാൻ സ്വീകരിച്ച നടപടികളെന്തൊക്കെ ആണെന്നും വിശദമാക്കാമോ;

(ഇ) ഇക്കാര്യത്തിൽ കോടതി നിർദ്ദേശം നടപ്പാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) കോടതി നിർദ്ദേശം കർശനമായി നടപ്പാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി-എഫ്) ഒ.പി. നമ്പർ 24160/98-ലെ വിധിന്യായത്തിൽ പുകയിലയുടെ ഏതുരൂപത്തിലുള്ള ഉപയോഗവും ഭരണഘടനയുടെ 21-ാം വകുപ്പനുസരിച്ച് നിയമവിരുദ്ധമാണെന്നും ആയതിനാൽ എല്ലാ ജില്ലാകളക്ടർമാരും സി.ആർ.പി.സി. 133 (എ) വകുപ്പനുസരിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്നും കോടതി നിർദ്ദേശിച്ചു. കൂടാതെ ഒ.പി. നമ്പർ 22492/99/സിയിലെ സി.എം.പി. നമ്പർ 37139/99 ഉത്തരവ് പ്രകാരം ബീഡി, സിഗറ്റ് തുടങ്ങിയവ കത്തിക്കുന്നതിനുവേണ്ടി കത്തിച്ചുവച്ച വിളക്കോ കയറുകളോ, കടകൾ, റെസ്റ്റോറന്റ്, സിനിമ തിയേറ്റർ തുടങ്ങിയ പൊതുസ്ഥലങ്ങളിൽ വയ്ക്കാൻ പാടില്ലെന്ന് കോടതി നിർദ്ദേശമുണ്ട്. പുകവലി നിരോധനം സംബന്ധിച്ച് കോടതിയുടെ വിധിന്യായങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് ഡി.ജി.പി.ക്കും തദ്ദേശ സ്വയംഭരണ വകുപ്പിനും ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുണ്ട്. പുകവലി നിരോധിച്ചുകൊണ്ടുള്ള ബോർഡുകൾ സർക്കാർ ആഫീസു

LIBRARY ARCHIVES Kerala Legislative Assembly

കളിലും പൊതുസ്ഥലങ്ങളിലും പ്രദർശിപ്പിക്കുകയും പുകവലിക്കാർക്കെതിരെ ഐ.പി.സി. 290 പ്രകാരം കേസെടുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

35-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

32(36) ട്രാവൻകൂർ ഹൗസ് പാട്ടത്തിന് നൽകിയത് സംബന്ധിച്ച്

ശ്രീ. കെ.മുഹമ്മദ്അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡൽഹിയിലെ ട്രാവൻകൂർ ഹൗസ് ഏതെങ്കിലും സ്വകാര്യ കമ്പനികൾക്ക് വാടകയ്ക്കോ, പാട്ടത്തിനോ താൽക്കാലിക ഉപയോഗത്തിനോ വിട്ടുകൊടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(സി) കൈരളി ചാനലിന്റെ ആവശ്യത്തിന് ട്രാവൻകൂർ ഹൗസ് ഭാഗികമായോ പൂർണ്ണമായോ വിട്ടുകൊടുത്തിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വ്യവസ്ഥകളുടെ കോപ്പി ലഭ്യമാക്കാമോ;

(ഡി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ട്രാവൻകൂർ ഹൗസ് വാടകയ്ക്കോ പാട്ടത്തിനോ ലഭിക്കാനായി ആരൊക്കെ അപേക്ഷ നൽകിയിട്ടുണ്ട്;

(ഇ) ആ അപേക്ഷകളിന്മേലുള്ള തീരുമാനത്തിന്റെ വിശദവിവരം നൽകാമോ;

(എഫ്) കെൽട്രോൺ, പി.ആർ.ഡി.എന്നിവയുടെ ആഫീസുകൾ ഇവിടെ പ്രവർത്തിച്ചിരുന്നോ; ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടോ;

(ജി) കൈരളി ചാനലിന് ട്രാവൻകൂർ ഹൗസിൽ സ്ഥലമനുവദിച്ചത്മൂലം ഏതെങ്കിലും ആഫീസുകൾ ഒഴിപ്പിച്ചിട്ടുണ്ടോ; ഭാവിയിൽ ഒഴിപ്പിക്കേണ്ടിവരുമോ;

(എച്ച്) സർക്കാർ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിനുള്ള നിരക്ക് നിശ്ചയിക്കുന്നത് ഏത് ഏജൻസിയാണ്;

(ഐ) ആ ഏജൻസി ട്രാവൻകൂർ ഹൗസ് വാടകയ്ക്ക് നൽകുന്നതിനുള്ള നിരക്ക് നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്കയർ ഫീറ്റിന് നിശ്ചയിച്ച നിരക്ക് എത്രയാണ്;

(ജെ) സർക്കാർ സ്ഥാപനങ്ങൾക്കും സ്വകാര്യ സ്ഥാപനങ്ങൾക്കും ഒരേ നിരക്കിലാണോ വാടക നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ഡൽഹിയിലെ ട്രാവൻകൂർ ഹൗസ് കെട്ടിടത്തിലെ ഒന്നാം നിലയിൽ 2500 ചതുരശ്ര അടി സ്ഥലം പ്രതിമാസം 1,87,500/- രൂപ വാടക നിശ്ചയിച്ച് മൂന്നു വർഷത്തേയ്ക്ക് 5.6.2000 തീയതിയിൽ തിരുവനന്തപുരത്തെ മലയാളം കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് വാടകയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly